പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 252 28.06.2011-ൽ മറുപടിയ്ക്ക്

2001 - 2006, 2006 - 2011 വർഷങ്ങളിലെ ലോഡ് ഷെഡ്ഡിംഗും പവർകട്ടും

**ചോദ്യം**

ശ്രീമതി.കെ. എസ്. സലീഖ :

(എ) 2001 - 2006 കാലയളവിൽ സംസ്ഥാനത്ത് എത്ര ദിവസങ്ങളിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട് ;

(ബി) 2006 മെയ് മുതൽ 2011 ഏപ്രിൽ വരെ ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) 2001-2006 കാലയളവിൽ സംസ്ഥാനത്ത് 737 ദിവസങ്ങളിൽ വൈകുന്നേരത്തെ അധിക ഉപഭോഗ സമയത്ത് സൈക്ക്ളിക്ക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 2008-09 വർഷത്തിൽ 27-06-2008 മുതൽ 18 04-2009 വരെ എല്ലാ 11 കെ. വി ലൈനുകളിലും അരമണി ക്കൂർ വീതം സൈക്ക്ളിക്ക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉത്രാടം, തിരുവോണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്, എസ്. എസ്. എൽ. സി പരീക്ഷ എന്നീ ദിവസങ്ങളെ ലോഡ് ഷെഡ്ഡിംഗിൽ നിന്നും ഒഴിവാക്കിയിരുന്നു.

HT/EHT ഉപഭോക്താക്കൾക്ക് 25-07-2008 മുതൽ 25% പവർകട്ട് ഏർപ്പെടുത്തിയിരുന്നത് 15-10-2008 മുതൽ 20% ആയി കുറച്ചിരുന്നു. എല്ലാ നിയന്ത്രണങ്ങളും 01-05-2009 -ൽ എടുത്തുകളഞ്ഞു. 2009-10 വർഷത്തിൽ, ഇടുക്കി ജലവൈദ്യുതി നിലയത്തിൻെറ അറ്റകുറ്റ പണികൾ ക്കായി 07-06-2009 മുതൽ 12-06-2009 വരെ സംസ്ഥാനത്തൊട്ടാകെ അര മണിക്കൂർ സൈക്ക്ളിക്ക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ.